(സി) ഈ തോട്ടിൽ ഒരു പാലമില്ലാത്തതുകൊണ്ട് ആളുകൾ വളരെ കഷ്ടപ്പെടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഈ തോട്ടിൽ ഒരു പാലം വേണമെന്ന് കൊല്ലം ഡി. ഡി. സി. ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എന്നത്തേക്ക് പാലം പണിയും ?

ഉത്തരം

(എ) അന്തമൺ തോട്ടിൽ പാലമില്ലാത്തതുകൊണ്ട് തോട്ടിന്റെ ഒരു കരയിൽനിന്നും മറുകരയിലേക്ക പോകേണ്ട ആളുകൾ തോട് കടന്നാണ് പോകുന്നത്.

(ബി) ബുദ്ധിമുട്ടുണ്ട്.

(സി) മഴക്കാലത്ത് ഈ തോട് കടന്നുപോകാൻ ബുദ്ധിമുട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഈ) ഇപ്പോൾ കൃത്യമായി പറയുവാൻ നിർവാഹമില്ല.

ദേവസ്വം വക ഭൂമി

* 52. [10] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വംവക ഭൂമി 1960-ന ശേഷം 1963 ഡിസംബർ അവസാനം വരെ ആർക്കെങ്കിലും പാട്ടവ്യവസ്ഥയിലോ, കുത്തകപ്പാട്ടമായിട്ടോ പതിച്ചു കൊടുത്തിട്ടുണ്ടോ ;

(ബി) കൊടുത്തിട്ടുണ്ടെങ്കിൽ ഏതെല്ലാം ദേവസ്വം ഭൂമികൾ ; ഏതെല്ലാം വ്യവസ്ഥയിൽ ;

(സി) അപ്രകാരം ആർക്കെല്ലാമാണ് കിട്ടിയത് ;

(ഡി) ഓരോരുത്തർക്കും എത്ര ഏക്കർ ഭൂമി വീതം കിട്ടി ?

ഉത്തരം

(എ) ഈ കാലഘട്ടത്തിൽ മലബാറിലെ ചില ദേവസ്വഭൂമികൾ പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടുണ്ട്.

(ബി, സി, ഡി) വിശദവിവരങ്ങൾക്ക് ഇതോടൊന്നിച്ച് ചേർത്തിട്ടുള്ള പട്ടിക നോക്കുക. *

കാപ്പികൃഷിക്ക് വളം ലോൺ

* 53. [11] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പികൃഷിക്ക് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറ് മുഖേന വളത്തിനു ലോൺ കൊടുക്കേണ്ടതില്ല എന്നു കൃഷിഡയറക്ടർ ഉത്തരവു നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കാര്യം പുനഃപരിശോധിച്ച് മറ്റു കൃഷികൾക്ക് കിട്ടുന്ന സൗജന്യം ഒരു പ്രധാന വാണിജ്യവിള ആയ കാപ്പികൃഷിയുടെ കാര്യത്തിലും നൽകുവാൻ ദയവുണ്ടാകുമോ ;

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാപ്പിക്കൃഷിക്ക് കാപ്പിബോർഡിൽനിന്നും ദീർഘകാലവായ്പ മാത്രമേ കിട്ടാറുള്ളുവെന്നും അതുതന്നെ വയനാട്ടു താലൂക്കുകളിൽ കുറച്ചുപേർക്കു മാത്രമേ കിട്ടുന്നുള്ളുവെന്നും ഉള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ചെറുതോട്ടക്കാർക്ക് വളം വാങ്ങുവാനുള്ള ലോൺ അനുവദിക്കുവാൻ ദയവുണ്ടാകുമോ ?

(ഡി) വടക്കേ വയനാട്ടിൽ എത്ര ഏക്കർ കാപ്പിത്തോട്ടമുണ്ട്, എത്ര പേർക്ക് എത്ര സംഖ്യ കാപ്പിബോർഡ് ലോൺ നൽകിവരുന്നുവെന്നും ദയവായി പറയാമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അഞ്ചു ഏക്കറിനു താഴെ കൃഷി ചെയ്യുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ കാര്യം പുനഃപരിശോധിച്ച് ഹ്രസ്വകാലവായ്പ കാപ്പികൃഷിക്കുകൂടി നൽകാൻ വേണ്ട നടപടികളും എടുത്തുവരുന്നുണ്ട്.

(സി) ചെറുകിട കാപ്പിക്കൃഷിക്കാർക്ക് വളം വാങ്ങുവാനുള്ള ലോൺ അനുവദിക്കാൻതക്കവണ്ണം ലോൺരൂപം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്.

(ഡി) 4,000 ഏക്കർ; കാപ്പിബോർഡ് നൽകുന്ന ലോണിന്റെ കണക്ക് ഗവണ്മെൻറിന്റെ പക്കൽ ഇല്ല.

ADJOURNMENT MOTION

Eviction of certain families from Government lands of the Munnar Town Area.

Mr. Speaker : Order, order. Shri M. M. Sundaram has given a notice under Rule 49 regarding the
9 a. m. eviction of 62 families in Munnar Town area acquired by Government for Town Planning. I call upon the Minister to state the facts.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, ഇതിലെ സ്റ്റേറ്റുമെൻറു ആഫ് ഫാക്ട്സിൽത്തന്നെ, മൂന്നാർ പട്ടണത്തിൽ 1958-ൽ കണ്ണൻദേവൻ കമ്പനിക്കാരിൽ നിന്നും ഗവണ്മെൻറു കുറെ സ്ഥലം ടൗൺ പ്ലാനിംഗിന്റെ ആവശ്യത്തിലേയ്ക്കായി ആവശ്യപ്പെടുകയുണ്ടായി എന്നുള്ളതു വ്യക്തമാണ്. അങ്ങനെ അന്നു വാങ്ങിയ സ്ഥലം കുറേശ്ശെയായി പതിച്ചുകൊടുക്കണമെന്ന ജനങ്ങളുടെ ആവശ്യപ്പെട്ടിട്ടുള്ളതായും ഇതിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ ആ സ്ഥലത്തിനായി അപേക്ഷിച്ചിട്ടുള്ളവർ ആ സ്ഥലം ഒന്നും അലോട്ടുചെയ്തുകൊടുക്കുന്നതിനു മുമ്പ് ബലമായി അവിടെ പ്രവേശിച്ചു ചില വീടുകൾകെട്ടി താമസിക്കുന്നുണ്ടെന്നും, ഇതിൽ സമ്മതിച്ചിട്ടുണ്ട്. ആ സ്ഥലത്തു അവർ അങ്ങനെ പ്രവേശിച്ചു വീടു വച്ചതു അനധികൃതമായ പ്രവേശനമാണെന്നും ഗവണ്മെൻറു അവിടെ നടത്താനുദ്ദേശിച്ച ടൗൺപ്ലാനിംഗ് പദ്ധതി നടപ്പാക്കാൻ തടസ്സപ്പെടുത്തുന്നു എന്നുള്ളതും വളരെ വ്യക്തമായി ഇതുകൊണ്ടു കാണാം. 1962-ലും, 1963-ലും ഈ അനാവശ്യമായും അനധികൃതമായുമുള്ള പ്രവേശനക്കാർക്ക് അവിടെ നിന്നും ഒഴിഞ്ഞുപോകാൻ നോട്ടീസു കൊടുക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ ഈ നോട്ടീസു കിട്ടിയിട്ടും അവർ ഒഴിഞ്ഞുപോയിട്ടില്ല. കഴിഞ്ഞവർഷം അവരെ അവിടെ നിന്നും ഇറക്കുന്നതിനു നടപടി എടുക്കാൻ തുടങ്ങിയ അവസരത്തിൽ കുറേപ്പേരിൽ നിന്നും ഗവണ്മെൻറിനു അപേക്ഷ കിട്ടുകയുണ്ടായി, അല്പംകൂടി സമയം അനുവദിച്ചാൽ അവിടെ നിന്നും ഒഴിഞ്ഞുകൊള്ളാമെന്നു. എന്നിട്ടും അവർ അവിടെ നിന്നും ഒഴിഞ്ഞുപോകാതിരിക്കുകയാണ്. അതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly